പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3335 | 29.01.2014 ലെ മറുപടിയ്ക്ക്

**ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവൻ മുഖേന കർഷകർക്ക് നൽകുന്ന ജൈവവളം ഗുണനിലവാരം ഉള്ളതാണോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ; | (എ) ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന രാസവള ഗുണനിലവാര പരിശോധനാശാലയോട് ചേർന്ന് ജൈവവള ഗുണനിലവാര പരിശോധന ശാല സ്ഥാപിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപ അനുവദിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. തിരുവനന്തപുരം, പാറോട്ടുകോണത്ത് പ്രവർത്തിക്കുന്ന രാസവള ഗുണനിലവാര പരിശോധന ശാലയോട് ചേർന്ന ജൈവവള ഗുണനിലവാര പരിശോധന ശാല തുടങ്ങുന്നതിനുള്ള ധനസഹായത്തിനായി പതിനാലാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള വെർമി കമ്പോസ്റ്റ്, സിറ്റി കമ്പോസ്റ്റ്എന്നീ ജൈവവളങ്ങളുടെ സാമ്പിളുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ സി) മാർ ശേഖരിച്ച് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക്ക് ഫാമിംഗ് ലബോറട്ടറിയിലേയ്ക്ക് അയച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പുതിയതായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിൽ ഉൾപ്പെടുത്തിയ ഡീ ഓയിൽഡ് കേക്ക്, പ്ലാന്റ് / ആനിമൽ ബയോമാസ് ബേസ്ഡ് ഓർഗാനിക്ക് മാമ്പർ എന്നീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഉല്പാദനത്തിനും വിതരണത്തിനും ലൈസൻസ് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കൃഷി ഭവൻ മുഖേന നൽകുന്ന സ്റ്റെറാമിൻ, എക്സ്ലൽമിൻ, മീൻവളം എന്നിവയിൽ പൂഴിയും മണലും മണ്ണും ടയർ കഷണങ്ങളുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഗുണമേന്മാ പരിശോധന നടത്തി ഗുണനിലവാരമുള്ള വളം കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും രാസവള ഗുണനിലവാര പരിശോധന ശാലകൾ പ്രവർത്തിച്ചു വരുന്നു. ഓരോ സാമ്പത്തികവർഷവും "മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ലബോറട്ടറീസ്" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർക്കും പരിശോധനയ്ക്ക് ശേഖരിച്ച് അയയ്ക്കേണ്ട രാസവളങ്ങളുടെയും ജൈവ വളങ്ങളുടെയും ടാർജറ്റ് നൽകുകയും പ്രസ്തുത ഉദ്യോഗസ്ഥർ വളങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിലയച്ച് ഗുണനിലവാരം ഉറപ്പു വരുത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ